ഇതുപോലെയുള്ള പ്രത്യേക സാഹചര്യങ്ങളും വരുമ്പോഴെല്ലാം നാട്ടുകാർ സംഘടിക്കുന്നതും മുതലാളിമാർക്കെതിരായി ശബ്ദമുയർത്തുന്നതും ആദ്യത്തെ സംഭവമല്ല. അങ്ങനെയുള്ള നൂറുനൂറു സംഭവങ്ങളുണ്ടായിട്ടുണ്ട്. പ്രത്യേകിച്ചും വിദ്യാർത്ഥികളും ഒരുമിച്ചുകൂടി കഴിയുമ്പോഴും, അങ്ങനെയുള്ള വികാരപരമായ സന്ദർഭങ്ങളും ഉണ്ടാകുമ്പോഴും പ്രക്ഷോഭണങ്ങളുണ്ടാകുമ്പോഴും നമ്മുടെ മുഖ്യമന്ത്രി ചാർജ് വഹിക്കുന്ന ആഭ്യന്തരവകുപ്പിലെ പോലീസ് ഈ രീതിയിൽ ലാത്തിച്ചാർജ് നടത്തുകയാണോ വേണ്ടത് ? സാധാരണഗതിയിൽ വെടിവയ്പു നടത്തണമെന്നുണ്ടെങ്കിൽ ഈ രാജ്യത്ത് നിലവിലിരിക്കുന്ന ചില പെരുമാറ്റ ചട്ടങ്ങളുണ്ട്. അതനുസരിച്ചുള്ള യാതൊരു നിർദ്ദേശവും കൊടുക്കാതെ അവരെ പിരിച്ചുവിടുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിക്കാതെ പിരിഞ്ഞുപൊയ്ക്കൊണ്ടിരുന്ന ജനങ്ങൾക്കുനേരെ വെടിവയ്ക്കുകയും മരണം സംഭവിച്ചതിനുശേഷം അതിനെക്കുറിച്ചു ഒരു ഖേദപ്രകടനം പോലും നടത്താൻ തയ്യാറാകുകയും ചെയ്യാതെ മരണകക്ഷിക്ക് ഭൂരിപക്ഷമുള്ള ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുപോലും തയ്യാറാകാതെ ഇത്രയും ഗുരുതരമായ ഒരു പ്രശ്നമുണ്ടായിട്ട് അതിനെക്കുറിച്ചും ചർച്ച ചെയ്യുന്നതിന് അനുവാദം നൽകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും ഇറങ്ങിപ്പോകുകയാണ്. (ശ്രീ എസ്. ആർ. തങ്കരാജും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി).

III ശ്രദ്ധക്ഷണിക്കൽ

(1) റബ്ബറിന്റെ വിലയിടിവുമൂലം കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. പി. സി. ജോർജ് : സർ, കൃഷിക്കാർക്ക് സഹായകരമായി പ്രവർത്തിക്കേണ്ട സ്റ്റേറ്റ് ട്രേഡിൽ കോർപ്പറേഷൻ കൃഷിക്കാർക്ക് ഉപദ്രവകരമായ നിലയിലേക്ക് നീങ്ങിയിരിക്കുന്നുവെന്ന സംഭവവികാസത്തിലേയ്ക്കാണ് ഞാൻ ബഹുമാനപ്പെട്ട സഭയുടെയും മുഖ്യമന്ത്രിയുടേയും ശ്രദ്ധക്ഷണിക്കാൻ ആഗ്രഹിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിലെ കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന റബ്ബർ കൊണ്ട് ആഭ്യന്തര ഉപയോഗത്തിന് തികയാതെ വന്നാൽ അത് ഇറക്കുമതി നടത്തി വിലനിലവാരം പിടിച്ചുനിർത്തണമെന്നുദ്ദേശത്തോടുകൂടിയാണ് എസ്. റ്റി. സി. യുടെ പ്രവർത്തനത്തെ ഗവൺമെന്റ് കാണുന്നത്. കഴിഞ്ഞ 1985-86-ൽ 35,000 ടൺ റബ്ബർ ആണ് നമ്മുടെ ആഭ്യന്തരവിനിയോഗത്തിന് കുറവുണ്ടായിരുന്നത്. 35,000 ടൺ മാത്രമാണ്. എന്നാൽ എസ്. ടി. സി. 38,538 ടൺ റബ്ബർ ഇറക്കുമതി നടത്തി. ഏകദേശം 3538 ടൺ റബ്ബർ കൂടുതലായി ഇറക്കുമതി നടത്തി. അത് മുഴുവൻ റിലീസ് ചെയ്തത് കൊടുക്കുകയും ചെയ്തു. ഈ വർഷവും നമ്മുടെ ആവശ്യങ്ങൾക്ക് അധികമായി വരുന്നത് 35,000 ടൺ മാത്രമാണ്. റബ്ബർ ബോർഡിന്റെ ഈ കണക്ക് ശരിയല്ല എന്നാണ് ഒരു കൃഷിക്കാരൻ എന്നുള്ള നിലയ്ക്ക് എനിക്കുള്ളത്. റബ്ബർ ബോർഡിൽ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്ന റബ്ബർ കർഷകരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലും ഉല്പാദനത്തിന്റെ അടിസ്ഥാനത്തിലും ആണ് റബ്ബർ ബോർഡ് കണക്കാക്കുന്നത്. ഇങ്ങനെ റബ്ബർബോർഡിൽ

LIBRARY ARCHIVES Kerala Legislative Assembly

രജിസ്റ്റർ ചെയ്യപ്പെടാത്ത ആയിരക്കണക്കിന് ചെറുകിട കർഷകർ ഈ രാജ്യത്ത് ഉണ്ട് എന്ന വസ്തുത നമുക്ക് നിഷേധിക്കാൻ കഴിയുകയില്ല. റബ്ബർ ബോർഡിൽ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്ന കർഷകരുടെ കണക്കനുസരിച്ച് 35,000 ടൺ റബ്ബർ മാത്രമേ കൂടുതലായി ഇൻഡ്യാ രാജ്യത്ത് ആവശ്യമുള്ളൂ. എന്നിട്ടും നമ്മുടെ എസ്.ടി.സി. 40,000 ടൺ റബ്ബർ ആണ് ഇപ്പോൾ ഇറക്കുമതി നടത്തിക്കഴിഞ്ഞിരിക്കുന്നത്. ഇതിനതീതമായി ഏറ്റവും സങ്കടകരമായ മറ്റൊരു വസ്തുതയുണ്ട്. ഏറ്റവും അധികം റബ്ബർ ഉല്പാദിപ്പിക്കുന്ന മാസം എന്ന് പറയുന്നത് സെപ്റ്റംബർ മാസമാണ്. നമ്മുടെ കർഷകരെ സംബന്ധിച്ചിടത്തോളം ഏറ്റവും അധികം ടാപ്പ് ചെയ്യാൻ അവസരം ലഭിക്കുന്നതും ഏറ്റവും അധികം ഉല്പാദനവുമുള്ള മാസമെന്ന് പറയുന്നത് സെപ്റ്റംബർ മാസമാണ്. പക്ഷേ എസ്.ടി.സി. നമ്മുടെ കർഷകരോടുള്ള സ്നേഹം കൊണ്ടുചെയ്തത്. എന്താണെന്ന് അറിയാമോ? 36,000 ടൺ റബ്ബർ റിലീസ് ചെയ്തു കച്ചവടക്കാരെ രക്ഷിക്കാൻ വേണ്ടി കൃഷിക്കാരെ കുത്തിക്കൊല്ലുന്നതിന് തുല്യമായ ഒരു സമീപനമാണ് കൈക്കൊണ്ടത്. 36,000 ടൺ റബ്ബർ ഇറക്കുമതി ചെയ്തുകൊണ്ട് എസ്.ടി.സി. കൃഷിക്കാരെ ഉപദ്രവിച്ചുകഴിഞ്ഞിരിക്കുകയാണ്.

സർ, കഴിഞ്ഞവർഷം ഈ സമയത്ത് നമ്മുടെ റബ്ബറിന്റെ വില 17.75 രൂപയായിരുന്നുവെങ്കിൽ ഇന്നത് 14.75 രൂപയായി കുറഞ്ഞിരിക്കുന്നു. 3 രൂപ ഒരു കിലോയ്ക്ക് കുറഞ്ഞിരിക്കുന്നു. ഇനി എസ്.ടി.സി. ഒരു ഉപകാരം കൂടി ചെയ്താൽ മതി, കേരളത്തിലെ ജനങ്ങളെ കൊല്ലാൻ കുറെ കൊഞ്ചുകൂടി അമേരിക്കയിൽ നിന്നോ ജപ്പാനിൽ നിന്നോ ഇറക്കുമതി നടത്തുകയാണെങ്കിൽ കേരളത്തോടുള്ള എസ്.ടി.സി. യുടെ ദ്രോഹം പൂർണ്ണമായി. അതുകൂടി ഇനി പ്ലസ്.ടി.സി. ചെയ്യാതിരിക്കണമെന്നുമാത്രമേ എനിക്ക് അപേക്ഷയുള്ളൂ. ഏറ്റവും കൂടുതൽ റബ്ബർ ഉല്പാദിപ്പിക്കുന്ന സെപ്റ്റംബർ മാസത്തിൽത്തന്നെ കൂടുതൽ ആവശ്യമുണ്ടായിരുന്ന 35,000 ടണ്ണിന്റെ സ്ഥാനത്ത് 36,000 ടൺ റബ്ബർ റിലീസ് ചെയ്തു കൊടുത്തു. എസ്.ടി.സി. യുടെ ഉദ്യോഗസ്ഥൻമാർ ക്രിമിനൽ കുറ്റവാളികളാണ് ഇക്കാര്യത്തിൽ എന്നാണ് ഒരു കൃഷിക്കാരന്റെ സന്തതിയെന്നുള്ള നിലയിൽ എന്റെ ക്ഷോഭപ്രകടനം. ഇതിൽകൂടുതൽ മഹാപാപം എന്താണ് കൃഷിക്കാരോട് ചെയ്യാനുള്ളത്. അതുകൊണ്ട് എസ്.ടി.സി. യുടെ ഇത്തരം നീക്കങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണമെന്ന അപേക്ഷയാണ് എനിക്കുള്ളത്. മുഖ്യമന്ത്രിയെന്നുള്ള നിലയിൽ മാത്രമല്ല ഞാൻ അദ്ദേഹത്തോട് പറയുന്നത്. അദ്ദേഹം ഇൻഡ്യയിലെ മഹത്തായ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പാർലമെന്ററി ബോർഡ് മെമ്പർ കൂടിയാണ്. വ്യവസായികളുടെ ലോബി കേരളത്തിലെ എസ്.ടി.സി. യുടെ ഉദ്യോഗസ്ഥൻമാരെ ചാക്കിട്ട് പിടിച്ചു കേരളത്തിലെ കൃഷിക്കാരെ ദ്രോഹിക്കുന്നതിനുവേണ്ടിയുള്ള ഒരു നടപടിയാണ് ഇതെന്ന് പറയാതിരിക്കാൻ നിവർത്തിയില്ല. ഇടിവെട്ടിയവരെ പാമ്പ് കടിച്ച് എന്ന് കേട്ടിട്ടുണ്ട്. മൂന്ന് ആവർത്തന കൃഷിക്ക് സബ്സിഡിയുണ്ടായിരുന്നു. അടുത്തകാലത്തുവന്ന വാർത്തയനുസരിച്ചാണെങ്കിൽ അഞ്ച് ഹെക്ടറിൽ താഴെയുള്ളവർക്കുമാത്രം ആവർത്തനകൃഷിക്ക് സബ്സിഡി കൊടുക്കുന്ന നയത്തിലേക്ക് കേന്ദ്രഗവൺമെന്റ് നീങ്ങുന്നുവെന്നാണ് മനസിലാകുന്നത്. 3 ലക്ഷം ഹെക്ടർ സ്ഥലത്താണ് കേരളത്തിൽ ആകെ റബ്ബർ കൃഷി നടത്തുന്നത്. കർണ്ണാടകത്തിൽ 13,000 ഹെക്ടറും തമിഴ്നാട്ടിൽ 12,000 ഹെക്ടറുമാണ്. ആന്ധ്രാപ്രദേശിൽ 3000 ഹെക്ടർ മാത്രമാണ്. ഈ നാല്

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റിലും ആപർത്തനകൃഷിയ്ക്ക് സബ്സിഡി കൊടുക്കാൻ സാദ്ധ്യമല്ല എന്ന നിലയ്ക്ക് തീരുമാനിക്കുകയാണെങ്കിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടനുഭവിക്കാൻ പോകുന്നത് കേരളത്തിലെ പാവപ്പെട്ട റബ്ബർ കർഷകർ ആണ്. അതുകൊണ്ട് ഈ നീക്കവും മാറ്റിവച്ചേ മതിയാകൂ. മറ്റ് തെക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിൽ മുഴുവൻ ഈ നിയമം ഇല്ല. എല്ലാവർക്കും റബ്ബർ കൃഷിക്ക് സബ്സിഡി കൊടുക്കാനുള്ള നയവുമായി പോകാൻ തയ്യാറാകണം. 150 കോടി രൂപ റബ്ബർബോർഡ് ആവശ്യപ്പെട്ടെങ്കിലും 54 കോടി രൂപ മാത്രമാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കണം. കേരളത്തിലെ റബ്ബർ കർഷകരെ രക്ഷിക്കുന്നതിനുവേണ്ടി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി എസ്.ടി.സി. ഉദ്യോഗസ്ഥൻമാരുടെ ഈ വൃത്തികെട്ട നടപടി അവസാനിപ്പിക്കണം. ഗവൺമെൻറിനെ ഇക്കാര്യത്തിൽ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. റബ്ബർ വ്യവസായികളുടെ ലോബ്ബി ഉദ്യോഗസ്ഥൻമാരെ ചാക്കിട്ട് പിടിച്ച് നടത്തുന്ന ഈ ദ്രോഹം അവസാനിപ്പിക്കുന്നതിന് വ്യക്തമായ നടപടിയെടുക്കാൻ മുമ്പോട്ടു വരണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ കരുണാകരൻ) : സർ, പലപ്പോഴും ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ ഉല്പാദനവും വ്യവസായത്തിന്റെ ആവശ്യവും തമ്മിലുള്ള വിടവ് നികത്താൻവേണ്ടി ഇറക്കുമതി ചെയ്യാറുണ്ട്. അത് എസ്. ടി. സി. ആണ് ചെയ്യുന്നത്. പലപ്പോഴും റബ്ബറിന്റെ വിലയെ പ്രതികൂലമായി ബാധിക്കുന്നത് ഇറക്കുമതി ചെയ്ത റബ്ബർ വിപണിയിൽ കൊണ്ടുവരുന്ന സമയമാണ്. കൂടുതൽ റബ്ബർ ഉല്പാദിപ്പിക്കുന്ന കാലഘട്ടത്തിൽ അത് വിപണിയിൽ കൊണ്ടുവന്നാൽ വില കുറയും. മറിച്ച് റബ്ബറിന്റെ ഉല്പാദനംകുറഞ്ഞ കാലഘട്ടവും ഉണ്ട്. ലീൻ പീരീഡ്. അപ്പോഴാണെങ്കിൽനമുക്ക് ബുദ്ധിമുട്ടുണ്ടാവുകയില്ല. റബ്ബർ ബോർഡിന് കിട്ടിയ വിവരം അനുസരിച്ച് ഈ വർഷത്തെ ഗ്യാപ് കണക്കാക്കിയിട്ടാണ് റബ്ബർ ഇറക്കുമതി ചെയ്യാൻ സമ്മതിച്ചത്. അത് റബ്ബർ ബോർഡിന്റെ കൂടി അനുവാദത്തോടുകൂടിയാണ്. നിർഭാഗ്യവശാൽ നമ്മുടെ ഉല്പാദനം 21 ശതമാനം കണ്ട് വർദ്ധിക്കുകയും ചെയ്തു. എസ്. ടി. സി. യുടെ ഇറക്കുമതിയും ഉല്പാദനത്തിന്റെ വർദ്ധനവും രണ്ടും കൂടിയായപ്പോൾ സ്വാഭാവികമായും വില കുറയാൻ തുടങ്ങി. ഈ സ്ലമ്പ് ഷേഷൻ എന്തെങ്കിലും ഒരു പരിഹാരം ഉണ്ടാക്കണമെന്ന് കരുതി കൃഷിക്കാരുടെ പ്രതിനിധികളും മാർക്കറ്റിങ്ങ് ഫെഡറേഷന്റെ പ്രതിനിധികളുമായി ചർച്ചകൾ കേന്ദ്ര കാമേഴ്സ് മിനിസ്ട്രിയുമായി സംസാരിച്ചതിനുശേഷം റബ്ബർ കൃഷിക്കാർക്ക് സഹായം എന്നുള്ള നിലയ്ക്ക് താങ്ങുവില നിശ്ചയിക്കണം എന്നുള്ള അഭിപ്രായം ഉണ്ടായി. ഒരു ധാരണയിൽ എത്തിയത് റബ്ബറിന്റെ വില ഒരു നിലവിട്ട് കീഴ്പ്പോട്ടു പോകുകയാണെങ്കിൽ അത് വാങ്ങിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. ആർ. എം. എ. (4) ആണെങ്കിൽ മാർക്കറ്റിംഗ് ഫെഡറേഷനും ആർ. എം. എ. (5) ആണെങ്കിൽ എസ്. ടി. സി. യും വാങ്ങിക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. ഇതിനും പുറമേ 34 സൊസൈറ്റികളെ താണതരം റബ്ബർ വാങ്ങിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. താങ്ങുവില പദ്ധതിപ്രകാരം ആർ. എം. എ. (5) എസ്. ടി. സി. വഴി വാങ്ങിക്കണം എന്നൊരു ഏർപ്പാടുണ്ടാക്കിയിട്ടുണ്ട്. ഇതിനും പുറമേ സഹകരണസ്ഥാപനങ്ങളെ റബ്ബർ വാങ്ങിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. വില

LIBRARY ARCHIVES Kerala Legislative Assembly

കീഴ്പ്പോട്ടുപോകുന്ന അവസരത്തിൽ ഇറക്കുമതി ചെയ്ത റബ്ബർ വിതരണം സംബന്ധിച്ച് കേന്ദ്രഗവൺമെൻറിനെ അറിയിച്ചു, ഇപ്പോഴും നിർത്തിവച്ചിരിക്കുകയാണ്. ഒരു കാരണവശാലും വില കുറഞ്ഞുവരുന്ന അവസരത്തിൽ വിതരണം ചെയ്യാൻ പാടില്ലായെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെൻറ് ശ്രദ്ധാപൂർവ്വമായ നടപടി സ്വീകരിച്ചിട്ടുണ്ട്. റീപ്ലാൻറിങ്ങിനെ സംബന്ധിച്ചിടത്തോളം, സബ്സിഡി കൊടുക്കുന്ന കാര്യത്തിൽ ഏഴാം പദ്ധതിയിൽ പണം കുറവാണെന്ന് കണ്ട് നാഷണൽ ഡവലപ്പ്മെൻറ് കൗൺസിലും സ്റ്റേറ്റ് ഗവൺമെൻറ് ഇക്കാര്യം കേന്ദ്രഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇക്കൊല്ലം പണം ഉൾക്കൊള്ളിക്കണം എന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ് : സർ, എസ്. ടി. സി. ഇപ്പോഴും വലിയ എസ്റ്റേറ്റുകളിലെ ഗ്രേഡ് റബ്ബർ മാത്രമാണ് വാങ്ങിക്കൊണ്ടിരിക്കുന്നത്. ചെറുകിട കർഷകരുടെ ലോട്ട് റബ്ബർ വാങ്ങിക്കുന്നില്ല. അതുകൊണ്ട് ലോട്ട് റബ്ബർ കൂടി വാങ്ങിക്കാനുള്ള സംവിധാനം എസ്. ടി. സി. യെ കൊണ്ട് ചെയ്യിപ്പിക്കണം. ലോട്ട് റബ്ബർ വാങ്ങിയാൽ ഈ തർക്കം തീരും. അതുപോലെതന്നെ 35,000 ടൺ മാത്രമാണ് കൂടുതലായി ആവശ്യമെന്ന് റബ്ബർ ബോർഡ് പറയുന്നത്. 40,000 ടൺ ഇതിനകം ഇറക്കുമതി നടത്തിയിരിക്കുന്നു. സെപ്റ്റംബർ മാസം ഇറക്കുമതി നടത്തിയ 40,000 ടൺ റബ്ബറിൽ 36,000 ടൺ റബ്ബറും റിലീസ് ചെയ്തിരിക്കുന്നു. ഇതും ശരിയായ നടപടിയല്ല. അതുകൊണ്ട് ഈ ലോട്ട് റബ്ബർ വാങ്ങിക്കാനുള്ള നടപടി സ്വീകരിക്കണം. റബ്ബർ കൂടുതൽ ഉല്പാദിപ്പിക്കുന്ന സമയത്ത് ഇറക്കുമതി ചെയ്ത റബ്ബർ റിലീസ് ചെയ്തത് വ്യവസായികളെ രക്ഷിക്കുന്ന നടപടി നിർത്തിവയ്ക്കാൻ എസ്. ടി. സി. യെ ഉപദേശിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, ചെറുകിട കൃഷിക്കാരിൽ നിന്നും സഹകരണസംഘങ്ങൾ മുഖേന വാങ്ങിച്ച് മാർക്കറ്റിംഗ് ഫെഡറേഷനാണ് വില്പ്പിക്കുന്നത്. അതുകൊണ്ട് ചെറുകിടകൃഷിക്കാർക്ക് വേണ്ട സംരക്ഷണം കൊടുക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. ഉല്പാദനം വർദ്ധിക്കുന്ന കാലഘട്ടത്തിൽ ഒരു കാരണവശാലും എസ്. ടി. സി. ഇറക്കുമതി നടത്തിയ റബ്ബർ വിതരണം നടത്തരുതെന്ന് അവശ്യപ്പെട്ടിട്ടുണ്ട്.

(2) നെയ്യാറിൻകര നിയോജകമണ്ഡലത്തിലെ വാഴിച്ചൽ-അമ്പൂരി, ഇടവാൽ-തുടലി റോഡുകളുടെ പണി

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, നെയ്യാറിൻകര നിയോജകമണ്ഡലത്തിലെ രണ്ട് എം. എൽ. എ. റോഡുകളും നാളിതുവരെ പണി ആരംഭിക്കാത്തതിലും ഈ സാമ്പത്തിക വർഷത്തിൽ ഇതിനുവേണ്ടി ബഡ്ജറ്റിൽ ഒരു പൈസപോലും ഉൾക്കൊള്ളിക്കാത്തതിലും പണി തുടങ്ങുന്നതിന് കാലതാമസം നേരിട്ടുകൊണ്ടിരിക്കുന്നതിലും ജനങ്ങൾക്കുള്ള ഉൽക്കണ്ഠ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ വേണ്ടിയാണ് ഇത് ഞാനിവിടെ അവതരിപ്പിക്കുന്നത്. എം.എൽ.എ. റോഡുകളെന്നുകേൾക്കുമ്പോൾത്തന്നെ നമ്മൾ ആദ്യം ഓർക്കുന്നത് മുൻ ഉപമുഖ്യമന്ത്രിയായിരുന്ന അന്തരിച്ച ശ്രീ. സി. എച്ച്. മുഹമ്മദുകോയയെയാണ്. അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് ആണ് ഓരോ നിയോജകമണ്ഡലത്തിലെയും എം. എൽ. എ. മാർ രണ്ട് റോഡുകൾ വീതം പ്രിഫറൻഷ്യലായിട്ട് എഴുതിക്കൊടുക്കുവാൻ നിർദ്ദേശിച്ചതും അതിനെത്തുടർന്ന് എഴുതിക്കൊടുത്തതും. 1984-85 ലും 1985-86-ലും ബഡ്ജറ്റിൽ തുകകൊള്ളിച്ചിരുന്ന രണ്ട് റോഡുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly